പക്ഷേ അന്നുണ്ടായ ബാൻപ്രകാരം സാമ്പത്തിക പരിമിതികൊണ്ടുമൂലം എല്ലാ വർക്കുകളും നിർത്തിവച്ച കൂട്ടത്തിൽ ഈ വർക്കും പെട്ടു. കല്ലുമട—കല്ലുകത്തുറ റോഡിലെ പുത്തൻതോട് പാലത്തിന് 34,20,000 രൂപയുടെ എസ്റ്റിമേറ്റിന് ഗവൺമെൻറ് 1982-ൽ ഭരണാനുമതി നൽകുകയുണ്ടായി. ഞാൻ നേരത്തെ പറഞ്ഞ ബാനിൽപ്പെട്ടതുകൊണ്ട് അതിനും ഭരണാനുമതി നൽകുക യുണ്ടായില്ല. ചീഫ് എൻജിനീയർ വീണ്ടും ഇതിന് ഭരണാനുമതി നൽകണ മെന്ന് അവശ്യപ്പെട്ടപ്പോൾ അടുത്ത ബഡ്ജറ്റിൽ മതിയായ തുക ചേർത്തു കൊണ്ട് ആവശ്യപ്പെടാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. അതുകൂടി കഴിഞ്ഞതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കും.

(4) ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ ഹരിജൻ കുടുംബത്തിൽപ്പെട്ട പള്ളത്താന്റെ മരണം

ശ്രീ. കെ. ടി. കുമാരൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത കാലത്തായി പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവരെ ഹരിജനങ്ങൾ എന്നു വിളിക്കാറില്ല. അദ്ദേഹം അവരെ 'മൈ ഫാമിലി' എന്നാണ് വിളിക്കാറുള്ളത്. ആ ഫാമിലിയിൽ പെട്ടിട്ടുള്ള എന്റെ നിയോജമണ്ഡലത്തിലെ മാലോം ഗ്രാമത്തിൽ ആഗസ്റ്റ് 31-ാം തീയതി രാത്രി സ്ഥലത്തെ മാത്തച്ചൻ ജോസ്, കണ്ടുഞ്ഞി മുതലായവർ ചേർന്ന് ഹരിജനായ പള്ളത്താനെ നായാട്ടി നെന്നു പറഞ്ഞ് കൂട്ടികൊണ്ടുപോകുകയും പള്ളത്താൻ സംശയകരമായ നില യിൽ മരിക്കാനിടവരികയും ചെയ്ത സംഭവം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ യിൽ പെടുത്തുകയാണ്. നായാട്ടിനെന്നു പറഞ്ഞ് കൂട്ടികൊണ്ടുപോയ പള്ളത്താന്റെ മൃദദേഹമാണ് പിറെ ദിവസം അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും ബന്ധുക്കളും മറ്റും നീലേശ്വരം ആശുപത്രിയിൽ വച്ച് കാണു ന്നത്. പള്ളത്താൻ പാമ്പുകടിയേറ്റാണ് മരിച്ചതെന്നാണ് നായാട്ടിന് കൂട്ടി കൊണ്ടുപോയ ജോസും മാത്തച്ചനും പറയുന്നത്. എന്നാൽ പാമ്പുകടിയേറ്റു എന്നു പറയുന്ന പള്ളത്താനെ നീലേശ്വരം ആശുപത്രിയിൽ കൊണ്ടുപോകു ന്നത് അദ്ദേഹത്തിന്റെ വീട്ടിന്റെ മുന്നിൽകൂടിയുള്ള റോഡിൽ കൂടിയാണ്. എന്നിട്ടും അപകടം പിണഞ്ഞ വിവരം ജോസും മറ്റും ഭാര്യയേയോ മറ്റു ബന്ധുക്കളേയോ അറിയിച്ചിട്ടില്ല. പള്ളത്താൻ പാമ്പു കടിയേറ്റ് മരിച്ചു വെന്നും നീലേശ്വരം ആശുപത്രിയിലാണുള്ളതെന്നുമുള്ള വിവരം പിറെന്ന് ഉച്ചയ്ക്കാണ് വീട്ടുകാരും നാട്ടുകാരും അറിയുന്നത്. ബന്ധുക്കൾ നീലേ ശ്വരം ആശുപത്രിയിൽ പോയി പള്ളത്താന്റെ മൃതദേഹം നോക്കിയപ്പോൾ തലയിൽ മാരകമായ മുറിവും പരിക്കുകളുമുള്ളതായി മനസ്സിലായി. അതിനുശേഷം പോസ്റ്റ്മാർട്ടം നടത്തി ശവം ബന്ധുക്കൾക്ക് വിട്ടു കൊടുത്തു. ഇതു സംബന്ധിച്ച് പള്ളത്താന്റെ ഭാര്യയും സഹോദരന്മാരും കാസർകോഡ് ജില്ലാകളക്ടർക്കും പോലീസ് സൂപ്രണ്ടിനും നേരിട്ട് നിവേദനം കൊടുക്കുകയുണ്ടായി. തദവസരത്തിൽ ഈ സഭയിലെ തന്നെ ബഹുമാനപ്പെട്ട മെമ്പർമാരായ ഒ. ഭരതനും പുരുഷോത്തമനും ഞാനും ഉണ്ടായി രുന്നു. പള്ളത്താൻ വെടിയേറ്റു മരിച്ചതാണെന്നും മൃതദേഹം വീണ്ടും പോസ്റ്റ്മാർട്ടം നടത്തണമെന്നും പള്ളത്താന്റെ ഭാര്യയും സഹോദരങ്ങളും നിവേദനത്തിൽ പറഞ്ഞിരുന്നു. പള്ളത്താനെ നായാട്ടിനെന്ന് പറഞ്ഞ് കൂട്ടി കൊണ്ടുപോയി വെടിവച്ചു കൊല്ലുകയാണുണ്ടായതെന്നാണ് നാട്ടുകാരും വീട്ടുകാരും ഇപ്പോഴും വിശ്വസിക്കുന്നത്. അതുകൊണ്ട് തന്നെ പള്ളത്താൻ എങ്ങനെ മരിക്കാനിടയായെന്നും അദ്ദേഹത്തെ കൊല ചെയ്തതാണെങ്കിൽ ആ കൊലയാളികളുടെ പേരിൽ നിയമാനുസൃതമായ രീതിയിൽ നടപടി സ്വീകരി ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംഭവത്തിന്റെ യഥാർത്ഥ വിവരം വെളിപ്പെടുത്താനും ശവം വീണ്ടും പോസ്റ്റ്മോർട്ടം നടത്താനും ആവശ്യമായ അന്വേഷണം നടത്തി വസ്തുത പുറത്തു കൊണ്ടു വരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പോസ്റ്റ്മോർട്ടം നടത്താനുള്ള ആക്ഷൻ കമ്മിറ്റിയുടേയും പള്ളത്താന്റെ ഭാര്യയുടെയും ബന്ധുക്കളുടെയും അപേക്ഷ ജില്ലാ കളക്ടർക്കും പോലീസ് സൂപ്രണ്ടിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഇതിനകം തന്നെ അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ച് ഇതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായും ഇതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കിട്ടിയിടത്തോളം വിവരം വച്ചു നോക്കിയാൽ പള്ളത്താൻ പാമ്പു കടിയേറ്റു മരിച്ചതായിട്ടാണ് കാണുന്നത്. പോസ്റ്റ്മോർട്ടം നടത്തണമെന്നുള്ള ആവശ്യത്തെ തുടർന്ന് ഒരു സ്വകാര്യ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയതിൽ നിന്ന് വെടിയുണ്ടയേറ്റ യാതൊരു പാടും ഒരു സ്ഥലത്തും കാണാനില്ല. അന്വേഷണം നടത്തി വരികയാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ നിന്നുള്ള വിവരമനുസരിച്ച് കാട്ടിൽപോയ അവസരത്തിൽ പള്ളത്താൻ പാമ്പുകടിയേറ്റു മരിച്ചു എന്നാണ് പറയുന്നത്. എങ്കിലും ശരി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു ആക്ഷേപമുള്ളതുകൊണ്ട് അത് കൂടുതൽ അന്വേഷണത്തിന് വിധേയമാക്കുകയും ആവശ്യമാണെങ്കിൽ പുതുതായി പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനമേർപ്പെടുത്താൻ സാധിക്കുമോയെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുകയും ഇതിന്റെ സത്യം കണ്ടുപിടിക്കുന്നതിനാവശ്യമായ എല്ലാം നടപടികളും സ്വീകരിക്കുകയും ചെയ്യാം.

(3) പെരിന്തൽമണ്ണയിലെ ജോയിന്റ് ആർ. ടി. ഒ. ആഫീസ്

ശ്രീ. നാലകത്ത് സൂപ്പി : സർ, റെയിൽവേ സൗകര്യം വളരെ കുറവായ മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ വാഹനങ്ങളെ ആശ്രയിച്ച് യാത്ര ചെയ്യേണ്ടിവരുന്ന ഒരു പട്ടണമാണ് പെരിന്തൽമണ്ണ. ഈ പെരിന്തൽമണ്ണ താലൂക്ക് ആസ്ഥാനമായി ഒരു റീജിയണൽ ട്രാൻസ്പോർട്ട് ജോയിന്റ് ആർ. ടി. ഒ. ഓഫീസ് അനുവദിക്കണമെന്ന ആവശ്യം നേരത്തെ പരിഗണനയിലുണ്ടായിരുന്നു. രണ്ടായിരത്തിൽ കൂടുതൽ നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾസും അതുപ്പോലെ തന്നെ മാറ്റു വാഹനങ്ങളുമുള്ള പെരിന്തൽമണ്ണയിലെ പ്രതിമാസ വരുമാനം 12, 49, 568 രൂപയാണ്. അതേ സമയം 1986-87-ലെ പാറശാലയിലെ പ്രതിമാസ വരുമാനം കേവലം 73, 763 രൂപയാണ്. ഈ പാറശാലയിൽ ഒരു ജോയിന്റ് ആർ. ടി. ഒ. ആഫീസ് അനുവദിച്ചിട്ടുണ്ട്. പെരിന്തൽമണ്ണയിൽ ഇത് അനുവദിക്കപ്പെട്ടിട്ടില്ല. മൈസൂരിൽ നിന്നും നിലമ്പൂർ, വണ്ടൂർ തുടങ്ങിയ ഭാഗങ്ങളിൽ കൂടിയും തമിഴ് നാട്ടിൽ നിന്ന് അട്ടപ്പാടി, അഗളി മണ്ണാർക്കാട് എന്നീ ഭാഗങ്ങളിൽ നിന്നും ധാരാളം വാഹനങ്ങൾ പെരിന്തൽ മണ്ണയിലേക്ക് വരികയും പോവുകയും ചെയ്യുന്നുണ്ട്. ഈയവസരത്തിൽ ധാരാളം ടാക്സ് വെട്ടിപ്പ് നടക്കുന്നു. പെർമിറ്റ് പുതുക്കാതെ വാഹനങ്ങൾ പോകുന്നതുകൊണ്ട് ഭീമമായ ടാക്സ് വെട്ടിപ്പു നടക്കുന്നതുമൂലം സർക്കാരിന് കടുത്ത സാമ്പത്തിക നഷ്ടമുണ്ടാക്കുന്നുവെന്നുള്ളത് ശരിയാണ്. അത് കണക്കിലെടുത്തുകൊണ്ട് പെരിന്തൽമണ്ണയിൽ ഒരു റീജിയണൽ ജോയിന്റ് ആർ. ടി. ഒ. ആഫീസ് അനുവദിക്കണം. എല്ലാ വരുമാനം കണക്കിലെടുത്താലും വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്താലും പെരിന്തൽമണ്ണയിലേക്ക് അത് അനുവദിക്കേണ്ടതാണ്. ഇക്കാല

LIBRARY ARCHIVES Kerala Legislative Assembly